


കാസ്ട്രോ

# സോഷ്യലിസത്തിന്റെ ഭാവി

335.43

# സോഷ്യലിസത്തിന്റെ ഭാവി

4552

ഫിദെൽ കാസ്ട്രൊ

തർജ്ജുമ

സി ഭാസ്കരൻ

---

ചിന്ത പബ്ളിഷേഴ്സ്
തിരുവനന്തപുരം — 14

വില 1.50

335

socialisathinte bhavi by fidel castro *translated by c. bhaskaran *published by chintha publishers, thiruvananthapuram * distributed by deshabhimani book hous, thiruvananthapuram * printed at p krishnapillai memorial printing & publishing co. (pvt) ltd, thiruvananthapuram.

*Cover: Narayana Bhattathiri* *Price: Rs.1.50*

---

വിതരണം

**ദേശാഭിമാനി ബുക്ക് ഹൗസ്**

**തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം,**

**തൃശൂർ, കോഴിക്കോട്, കണ്ണൂർ**

---

CO - 371/743

*1959ൽ ക്യൂബൻ വിപ്ലവം വിജയിച്ചു. ലാറ്റിനമേരിക്കയിലും അമേരിക്കയിലാകെത്തന്നെയും സമാന ഭരണകൂടങ്ങൾ നിലവിൽ വരുന്നതിന്റെ തുടക്കമൊണതെന്ന് അന്ന് താങ്കൾ സ്വപ്നം കണ്ടു. ആ സ്വപ്നം എവിടെയാണ് തെറ്റിയത്?*

സ്വപ്നം പിഴയ്ക്കുമെന്ന് ഞാൻ പറയില്ല. സ്വപ്നം ഒരു ദിവസം യാഥാർത്ഥ്യമാകും. ചരിത്രത്തിൽ എല്ലാ സ്വപ്നങ്ങളും ഒരുപാടുകാലമെടുത്താണ് യാഥാർത്ഥ്യങ്ങളായത്. മഹത്തായ മതങ്ങൾപോലും ലോകമാകെ പ്രചരിപ്പിക്കാൻ എത്ര നൂറ്റാണ്ടുകൾ വേണ്ടിവരുമെന്ന് അവയുടെ ആചാര്യന്മാർകുപോലും നിശ്ചയമില്ലായിരുന്നു. മഹത്തായ സ്വപ്നങ്ങൾ ഒരിക്കലും പരാജയപ്പെട്ടില്ല. പിന്നെ കാലത്തിന്റെ പ്രശ്നമേയുള്ളു.

*താങ്കൾ ഇപ്പോഴും സ്വപ്നം കാണുകയാണോ?*

തീർച്ചയായും. സ്വപ്നം കണ്ടില്ലെങ്കിൽ ഓരോ ദിവസവും ഞാൻ ജനങ്ങൾക്കൊപ്പം ചെയ്യുന്ന കാര്യങ്ങൾക്കൊന്നും അർഥമില്ലാതാകും. സ്വപ്നം കണ്ടില്ലെങ്കിൽ പിന്നെ ഞാനൊരു വിപ്ലവകാരിയല്ലാതാകും. സ്വയം വിപ്ലവകാരികളെന്ന് വിളിക്കുന്ന ഞങ്ങളെപ്പോലുള്ളവർ ജീവിതകാലം മുഴുക്കെ സ്വപ്നം കണ്ടവരാണ്.

*വിപ്ലവത്തിന് വയസ് 31 ആയി. ഇതേവരെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങളിൽ താങ്കൾ സംതൃപ്തനാണോ?*

എനിക്ക് രണ്ട് മനസാണ്. എന്തെല്ലാം കാര്യങ്ങൾ കൂടുതൽ നന്നായി, പ്രത്യുൽപാദനപരമായി ചെയ്യാമായിരുന്നു എന്ന് എല്ലാ ദിവസവും ഞാനാലോചിക്കാറുണ്ട്. അതേ സമയം വിപ്ലവത്തിൻെറ നേട്ടങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്താറുമുണ്ട്. വിപ്ലവത്തെ തുടർന്ന് രാജ്യത്ത് വമ്പിച്ച മുന്നേറ്റമുണ്ടായിട്ടുണ്ട് എന്നുതന്നെയാണെൻെറ വിശ്വാസം. പല കാര്യങ്ങളിലും യാഥാർഥ്യങ്ങൾ ഞങ്ങളുടെ പ്രതീക്ഷകളെപ്പോലും കവച്ചുവെച്ചു. ഓരോ കാര്യവും ചെയ്തുകഴിഞ്ഞാൽ ഞാനതിനെക്കുറിച്ച് സ്വയം വിമർശനം നടത്തും.

*അങ്ങനെ ചെയ്യുന്ന ആളുകൾ ലോകത്ത് വേറെ ആരൊക്കെയുണ്ട്?*

വളരെ കുറച്ചേ ഉള്ളൂ. ലോകത്തിലെ രാഷ്ട്രീയ നേതാക്കളുടെ പ്രസംഗങ്ങൾ ഞാൻ ശ്രദ്ധിക്കാറുണ്ട്. അവരിൽ സ്വയം വിമർശനം നടത്തുന്നവർ വളരെ കുറവാണ്. ഒരു വിപ്ലവകാരി സ്വയം വിമർശനം നടത്തുന്ന ആളായിരിക്കണം. അങ്ങനെ അല്ലാത്തവൻ വിപ്ലവകാരിയല്ല. സ്വയം വിമർശനത്തിന് മടിയില്ലാത്ത മഹാന്മാരുണ്ടായിരുന്നു. ചരിത്രത്തിലേക്ക് നോക്കൂ, അവിടെ ലെനിനുണ്ട്.

*ലെനിനിൽ തുടങ്ങി നമുക്ക് ഗോർബച്ചേവിലേക്ക് പോകാം*

അദ്ദേഹം നിശിതമായ സ്വയം വിമർശനം നടത്തിയിരുന്നു.

*ലെനിനോ ഗോർബച്ചേവോ?*

ഗോർബച്ചേവ് പോലും— ഞാൻ വിചാരിക്കുന്നു. സ്വയം വിമർശനം നടത്തുന്ന ആളായിത്തീരാൻ അദ്ദേഹത്തിന് കഴിവുണ്ട്.... എങ്കിലും ജീവിച്ചിരിക്കുന്നവരെപ്പറ്റി എന്തെങ്കിലും പറയാൻ ഞാനാഗ്രഹിക്കുന്നില്ല. കാരണം, അതവരെക്കുറിച്ച് വിധി പറയുന്നതിന് തുല്യമായിരിക്കും. അതുകൊണ്ടാണ് ഞാൻ ചരിത്രത്തിലേക്ക്, ലെനിനിലേക്ക് പോകുന്നത്. ഇത്തരുണത്തിൽ ഹോചിമിൻെറ കാര്യവും ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. സ്വയം വിമർശന ബോധമുള്ള, വിനയാന്വിതമായ പെരുമാറ്റത്തിൻെറ ഉടമയായ, ഒരു വിപ്ലവകാരിയായിരുന്നു ഹോചിമിൻ.

*മൗ സെ ദൊങ്ങും ജീവിച്ചിരിപ്പില്ലല്ലോ?*

അദ്ദേഹവും വളരെയധികം സ്വയം വിമർശനം നടത്തിയിരുന്നു. അദ്ദേഹത്തിൻെറ വിപ്ലവവ്യക്തിത്വം ആർക്കും അവഗണിക്കാനാവില്ല.

അതുപോലെ വിപ്ലവത്തിലും ചരിത്രത്തിലും അദ്ദേഹത്തിൻെറ സ്ഥാനവും. അദ്ദേഹത്തിൻെറ തീരുമാനങ്ങളെയും സങ്കൽപനങ്ങളെയും സ്വീകരിച്ചാലും ഇല്ലെങ്കിലും നമ്മുടെ കാലഘട്ടത്തിലെ മഹാ ചിന്തകന്മാരിൽ ഒരാളായിരുന്നു മൗ.

*വിപ്ലവത്തെയും വിപ്ലവകാരികളെയും കുറിച്ചാണ് താങ്കൾ സംസാരിക്കുന്നത്. എന്നാൽ നോക്കൂ, ലോകമെങ്ങുമുള്ള വിപ്ലവ ഭരണകൂടങ്ങൾക്ക് എന്താണ് സംഭവിക്കുന്നത്? അൾജീരിയയിൽ ഒരു മുസ്ലീം മതമൗലികവാദി ഗ്രൂപ്പാണധികാരത്തിൽ. സോവിയറ്റ് യൂണിയൻ കമ്പോള സമ്പദ് വ്യവസ്ഥയെക്കുറിച്ച് സംസാരിക്കുന്നു. കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ ചെയ്യുന്നതും അതുതന്നെ. ചൈനയിലെ നാല് നവീകരണ പദ്ധതികൾക്ക് കമ്പോള സമ്പദ് വ്യവസ്ഥയുമായിട്ടാണ് സാമ്യം. ഇവയ്ക്കിടിയിൽ താങ്കൾ അൽപം ഒറ്റപ്പെടുന്നു, അല്ലേ?*

ഇല്ല. എനിക്ക് ഏകാന്തതയൊന്നും അനുഭവപ്പെടുന്നില്ല. കാരണം, എനിക്ക് സോഷ്യലിസത്തെക്കുറിച്ച് വ്യക്തമായ സങ്കൽപങ്ങളുണ്ട്. അതിൽ ദൃഢമായ വിശ്വാസമുണ്ട്. ഞാൻ വിശ്വസിക്കുന്ന ആശയം— സോഷ്യലിസം— ഒരു രാഷ്ട്രമല്ല. അതൊരാശയമാണ്; ഒരു സങ്കൽപനമാണ്; ഒരു സംവിധാനമാണ്. ഇപ്പോൾ സോഷ്യലിസം അതിൻെറ പിതാമഹന്മാർ വിഭാവനം ചെയ്തതു പോലെയൊന്നുമല്ല. മാർക്സും എംഗൽസും, എന്തിന് ലെനിൻ പോലും വിശ്വസിച്ചത് വിപ്ലവം വികസിത യൂറോപ്പിൽ പൊട്ടിപ്പുറപ്പെടുമെന്നാണ്. ബ്രിട്ടനിലോ ജർമനിയിൽ തന്നെയോ അതുണ്ടാകുമെന്നാണ് മാർക്സ് എഴുതിയത്. ചരിത്രത്തിൻെറ നിയമങ്ങൾ നോക്കിയാൽ ഏറ്റവും വികസിതമായ രാഷ്ട്രങ്ങളിൽ.

അവർ മഹാപ്രതിഭകളായിരുന്നു, സംശയമില്ല. അവരുടെ ദീർഘദൃഷ്ടിയും അപാരമായിരുന്നു. അവർക്ക് മുമ്പ് ഈ ലോകത്ത് നടക്കുന്നതൊക്കെ പറഞ്ഞുതരാൻ ആരുണ്ടായിരുന്നു? അരിസ്റ്റോട്ടിൽ? അല്ലെങ്കിൽ പ്ലാറ്റോ? പക്ഷെ, ഇപ്പോഴോ? ബൂർഷ്വാ വിപ്ലവത്തിൻെറ സൈദ്ധാന്തികർ. അവർക്കൊരുകൂട്ടം ആശയങ്ങളും സിദ്ധാന്തങ്ങളുമുണ്ട്. നിലവിലുള്ള സമൂഹത്തിൽ നിന്ന് വ്യത്യസ്തമായി ആദർശ സമ്പൂർണമായ ഒരു സമൂഹത്തെക്കുറിച്ചുള്ള ദർശനമാണ് അവർക്കുള്ളത്.

എങ്കിലും വർഗ സങ്കൽപനവും വർഗങ്ങളുടെ നിലനിൽപും മനസിലാക്കാനുള്ള കഴിവ് അവർക്കുണ്ടായിരുന്നില്ല. ഭൂതകാലം മനസിലാക്കാൻ അവർക്ക് സാധിച്ചില്ല. എന്തിനധികം, ഗ്രീസിൻെറയോ റോമിൻെറയോ ഈജിപ്തിൻെറയോ കഴിഞ്ഞകാല ചരിത്രം അവർക്ക് അജ്ഞാതമായി അവശേഷിച്ചു. മധ്യകാലം വ്യാഖ്യാനിക്കാൻ അവർക്ക് കഴിഞ്ഞില്ല. നാടുവാഴിത്തത്തെക്കുറിച്ച് മനസിലാക്കുന്നതിലും അവർ പരാജയപ്പെട്ടു. നോക്കൂ, തങ്ങൾ ജീവിക്കുന്ന സമൂഹത്തിൻെറ ഗതിവിഗതികൾ

മനസിലാക്കുന്നതിലാണ് അവർ പരാജയപ്പെട്ടുപോയത്. അവർ ആദർശവാദത്തിൽ അടിയുറച്ചുനിന്നു.

ബൂർഷ്വാസിയുടെ ലിബറൽ ആശയങ്ങൾ ഇന്നൊരു ഫാഷനാണ്. ആ ആശയങ്ങൾ പല കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും പ്രാവർത്തികമാക്കാനുള്ള ശ്രമം തകൃതിയായി നടന്നുകൊണ്ടിരിക്കുകയാണ്. പോളണ്ടിലേക്ക് നോക്കൂ. അവിടെ പണിമുടക്കില്ലാത്ത ദിവസമില്ല. കുതിച്ചുയരുന്ന ജീവിതച്ചെലവും തൊഴിലില്ലായ്മയും മൂലം ജനങ്ങളാകെ പൊറുതിമുട്ടി. വൃദ്ധന്മാർ നിസഹായരായി നോക്കിനിൽകുന്നു. പെൻഷൻ പറ്റിപ്പിരിഞ്ഞവർക് എന്തുചെയ്യണമെന്ന് നിശ്ചയമില്ല. മുതലാളിത്തമെന്തെന്ന് അവരറിയുകയാണ്. അതിന്നെതിരെ പ്രതികരിക്കാൻ അവർ തയ്യാറെടുക്കുന്നു.

റുമാനിയയിലെ സ്ഥിതി അതല്ല. മറ്റ് രാജ്യങ്ങളിൽ പഴയ കമ്യൂണിസ്റ്റുകാരെ തൂത്തെറിഞ്ഞപ്പോൾ റുമാനിയയിൽ അതുണ്ടായില്ല. 86 ശതമാനം ജനങ്ങൾ നാഷനൽ സാൽവേഷൻ കമ്മറ്റിക്ക് വോട്ടുചെയ്തു. അവർ ഫാസിസ്റ്റുകൾക് വോട്ട് ചെയ്തില്ല; ചക്രവർത്തി ഭരണം പുനഃസ്ഥാപിക്കാനാഗ്രഹിക്കുന്നവർക് വോട്ട് ചെയ്തില്ല; രാജ്യത്തെ വിദേശ ശക്തികൾക് വിൽകാനാഗ്രഹിക്കുന്നവർക് വോട്ട് ചെയ്തില്ല; പിന്തിരിപ്പൻ പ്രവണതകൾകനുകൂലമായി വോട്ടുചെയ്തില്ല. പുരോഗമന ശക്തികൾക് വോട്ടുചെയ്തു.

ഗവർമെണ്ടിന് 86 ശതമാനം വോട്ടുകിട്ടിയിട്ടും അമേരിക്കക്ക് രസിച്ചില്ല. വലതുപക്ഷ ശക്തികളും തീവ്രവാദികളും ഫാസിസ്റ്റുകളും തെരുവിലിറങ്ങി. രാജ്യത്ത് ക്രമസമാധാനനില തിരിച്ചുകൊണ്ടുവരാൻ ശ്രമിച്ചതിൻെറ പേരിൽ റുമാനിയയിലെ തെരഞ്ഞെടുക്കപ്പെട്ട ഗവർമെണ്ടിനെതിരെ അമേരിക്ക നടത്തിയ കടുത്ത വിമർശനം ഞാൻ വായിക്കുകയായിരുന്നു. 86 ശതമാനം വോട്ട് കിട്ടിയ ഗവർമെണ്ട് ആ രാജ്യത്തെ നേർവഴിക്ക് നയിക്കാൻ ശ്രമിക്കുകയാണ്. നോക്കൂ, ഈ കിഴക്കൻ യൂറോപ്യൻ ഉല്ലാസോൻമാദത്തിന് പിന്നിൽ കടുത്ത ആത്മവഞ്ചനയാണുള്ളത്.

എല്ലാ രാജ്യങ്ങളിലെയും സ്ഥിതിഗതികൾ ഒരേപോലെയല്ല. പഴയ പ്രശ്നങ്ങൾ തരണം ചെയ്ത് സോഷ്യലിസത്തെ നവീകരിക്കാനുള്ള ശ്രമങ്ങളെ തുടർന്നാണ് അവിടെ പുതിയ പ്രശ്നങ്ങൾ തലപൊക്കിയത്. ചില ശക്തികളെ കെട്ടഴിച്ചു വിട്ടതിനെ തുടർന്നാണ്, ചില പ്രവണതകളും പ്രതിഭാസങ്ങളുമുണ്ടായതിനെ തുടർന്നാണ്, അവിടെ അത് സംഭവിച്ചത്. വസ്തുനിഷ്ഠമായി നോക്കിയാൽ തുടക്കത്തിൽ ഈ പ്രവണതകൾ സങ്കീർണമായ ഒരു സ്ഥിതിവിശേഷം സൃഷ്ടിച്ചു. അപ്പോൾ കമ്പോള സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള സംസാരം ഉണ്ടായിരുന്നേയില്ല.

*എന്തുകൊണ്ടാണിത് സംഭവിക്കുന്നത്?*

സോവിയറ്റ് യൂണിയനിലെയും കിഴക്കൻ യൂറോപ്പിലെയും മാറ്റങ്ങളെക്കുറിച്ച് എന്തെങ്കിലും അഭിപ്രായം പറയുന്നതിന് മുമ്പ് സ്ഥിതിഗതികൾ ആഴത്തിൽ പഠിക്കേണ്ടിയിരിക്കുന്നു. അവിടങ്ങളിൽ അതിശക്തമായ പടിഞ്ഞാറൻ സ്വാധീനം ഉണ്ടായിരുന്നതായി— അത് ചോദ്യം ചെയ്യാനാവാത്ത ഒരു വസ്തുതയാണ്— ഞാൻ വിചാരിക്കുന്നു. ഉപഭോക്തൃ സമൂഹങ്ങളുടെ പ്രതിഛായയുമായി അവിടുത്തെ സ്ഥിതിഗതികൾക്ക് സാധർമ്യമുണ്ടായിരിന്നതായും ഞാൻ വിശ്വസിക്കുന്നു. രണ്ടോ മൂന്നോ വർഷത്തിനകം തങ്ങൾക്ക് പാരീസിലെപ്പോലെ ജീവിക്കാനാകുമെന്ന് കിഴക്കൻ യൂറോപ്പിലെ ചില രാജ്യങ്ങൾ വിശ്വസിക്കുന്നുണ്ടെന്ന് തോന്നുന്നു. മൂന്നാം ലോകത്തിലെ ഒരാളെന്ന നിലയിൽ; അസമമായ വാണിജ്യവ്യവസ്ഥകളെ കുറിച്ച് അറിവുള്ള ഒരാളെന്ന നിലയിൽ; നമ്മുടെ ജനങ്ങളെ സംബന്ധിച്ചേടത്തോളം കോളനിവൽകരണം, ചൂഷണം, കൊള്ള എന്നിവ എന്താണെന്നതിനെക്കുറിച്ച് വ്യക്തമായ ധാരണയുള്ള ഒരാളെന്ന നിലയിൽ എനിക്ക് പറയാൻ കഴിയും പുത്തൻ കൊളോണിയലിസത്തെയും സാമ്രാജ്യത്വത്തെയും കുറിച്ച് നമുക്ക് വളരെ കുറച്ച് അറിവേ ഉള്ളൂ. മൂന്നാം ലോകത്തിലെ ഒരാളെന്ന നിലയിൽ ഉപഭോക്തൃ സമൂഹത്തിനു വേണ്ടി ക്ഷമായാചനം ചെയ്യാൻ എനിക്ക് കഴിയില്ല. ഈ സമൂഹത്തിൽ ആശയപരമായി വലിയ വിടവുണ്ടെന്ന് — സോവിയറ്റ് യൂണിയനകത്തും അതുതന്നെ സ്ഥിതി— ഞാൻ വിശ്വസിക്കുന്നു. തങ്ങളുടെ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിന് ഡോഗ്മാറ്റിക് രീതി (വരട്ടു തത്വവാദപരമായ രീതി) അവലംബിക്കുന്നതിൻെറ ഫലമായിരിക്കാം ഒരുപക്ഷെ ഇത്. അതിൻെറ ഉത്തരവാദിത്തം പാർടി നേതാക്കൾക്ക് തന്നെയാണ്. കാരണം ജനങ്ങൾക്ക് ആശയവ്യക്തതയുണ്ടായിരിക്കേണ്ടത് സുപ്രധാനമായ ഒരു കാര്യമാണ്.

*ഇനി കുറേക്കൂടി മൗലികമായ കാര്യങ്ങളിലേക്ക് വരാം. താങ്കളുടെ രാജ്യത്തും സോവിയറ്റ് യൂണിയനിലും ഇപ്പോൾ നിലനിൽക്കുന്ന സംവിധാനം സമ്പത്തുണ്ടാക്കാൻ പര്യാപ്തമല്ല. അതേസമയം വിതരണത്തിന് സംവിധാനമുണ്ടുതാനും. സമ്പത്തുണ്ടാക്കിയില്ലെങ്കിൽ പിന്നെ ജനങ്ങൾകെന്ത് വിതരണംചെയ്യും?*

സോവിയറ്റ് യൂണിയന് വമ്പിച്ച സ്വത്തുണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് തീർതുപറയാനാവില്ല.

*പക്ഷെ അവിടെ കടകൾക്ക് മുമ്പിൽ നിൽകുന്ന 'ക്യൂ'വിൻെറ നീളം അവിശ്വസനീയമാണ്.*

അതേപ്പറ്റി ഞാൻ പറയാം. ഞാൻ പറയാം...... (കുറേ നേരത്തേക്ക് മൗനം) 1960 മുതൽ 85 വരെ ഉൽപാദനരംഗത്ത് സോവിയറ്റ് യൂണിയൻ വമ്പിച്ച പുരോഗതിയാണ് നേടിയത്. എണ്ണയുൽപാദനം 600 ലക്ഷം ടണ്ണിൽ നിന്ന് 6000ലക്ഷം ടണ്ണിലേറെയായി (പത്തിരട്ടി) വർധിച്ചു. ഊർജത്തിൻെറ (എണ്ണ, ഗ്യാസ്) ഉൽപാദനം സുമാർ ഒരു ലക്ഷം ട

ണ്ണിൽ നിന്ന് ഏഴര ലക്ഷം ടണ്ണായും വർധിച്ചു. മാത്രമല്ല, സിമൻറ്, ഉരുക്ക് തുടങ്ങി ഒരു രാഷ്ട്രത്തിൻെറ വികസനത്തിനാവശ്യമായ അടിസ്ഥാന ഉൽപാദനങ്ങളെല്ലാം വൻതോതിൽ ഉൽപാദിപ്പിക്കുന്നുണ്ട്. ഇത് അനിഷേധ്യമായ ഒരു ചരിത്ര യാഥാർഥ്യമാണ്. സഹസ്ര കണക്കിന് പൈപ്പ്ലൈനുകളും ഗ്യാസ് ലൈനുകളും ഉയർന്നുവന്നു. വൈദ്യുതി ഉൽപാദനം അനേകമടങ്ങ് വർധിച്ചു. ഇതൊന്നും കൂടാതെ പുരോഗതി പ്രാപിക്കാൻ കഴിയില്ല. 200 ലക്ഷം വരെ കൊന്നൊടുക്കിയ വിനാശകരമായ ഒരു യുദ്ധത്തിൻെറ കെടുതിയിൽ നിന്നാണ് സോവിയറ്റ് യൂണിയൻ ഈ നേട്ടമുണ്ടാക്കിയത്. അതുകൊണ്ട് യുദ്ധത്തിനുശേഷം സോവിയറ്റ് സമൂഹത്തിന് വമ്പിച്ച സമ്പത്തുണ്ടാക്കാൻ കഴിഞ്ഞു.

അമേരിക്കയും ബ്രിട്ടനും ഫ്രാൻസും അവയുടെ വ്യവസായ രംഗവുമൊന്നും യുദ്ധത്തിൻെറ കെടുതികൾ അറിഞ്ഞിട്ടില്ല. മറ്റേതൊരു സംവിധാനത്തെക്കാളും സമ്പത്തുണ്ടാക്കാൻ കഴിയുന്നത് സോഷ്യലിസ്റ്റ് വ്യവസ്ഥയ്ക്കാണ്. അതാണ് കൂടുതൽ പ്രധാനം.

സോഷ്യലിസം ഏറ്റവും വികസിതമായ നാടുകളിൽ നിന്ന് തുടങ്ങുമെന്നാണ് മാർക്സ് കരുതിയത്. ചുരുങ്ങിയ വികസനം മാത്രം കൈവരിച്ച രാഷ്ട്രങ്ങൾക്ക് തങ്ങളുടെ പക്കലുള്ള വിഭവങ്ങൾ പരമാവധി വർധിപ്പിക്കുകയല്ലാതെ മറ്റ് മാർഗമില്ല. അവ തങ്ങളുടെ വികസന പദ്ധതികൾ ആവിഷ്കരിക്കുകയും വേണം. വികസനത്തെ ആസൂത്രണം ചെയ്യുകയെന്നത് അസാധാരണമായ ഒരു 'പ്രിവിലേജ്' ആണ്. അത് സോഷ്യലിസത്തിലേകഴിയൂ. വിഭവങ്ങൾ പരമാവധി ഉപയോഗിക്കാനുള്ള അവസരം സോഷ്യലിസം നമുക്ക് തുറന്നു തരുന്നു.

ചരിത്രത്തിൻെറ ഒരു പ്രത്യേക ഘട്ടത്തിൽ ഉയർന്നുവന്നതാണ് മുതലാളിത്തം. അതിനർഥം ഫ്യൂഡലിസവുമായി താരതമ്യപ്പെടുത്തുമ്പോൾ അത് മുന്നോട്ടേക്കുള്ള ഒരു കാൽവെപ്പായിരുന്നുവെന്നാണ്. ഏതാനും സാമ്പത്തിക ശക്തികൾ ലോകത്ത് സാമ്പത്തികാധിപത്യം ചെലുത്തുന്ന ഒരു യുഗം പിറന്നു. അതിനാൽ ആ രാജ്യങ്ങൾക്ക് സമ്പത്തും അനുഭവവും അറിവും— ലോകത്തെ ഏറ്റവും നല്ല തലച്ചോറുള്ളവർ— കുന്നുകൂട്ടിവെക്കാൻ സാധിച്ചു. സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതിലും അവർ വിജയിച്ചു. ആ ആധിപത്യം ഇന്നും നിലനിർത്താൻ മുതലാളിത്തത്തിന് കഴിയുന്നുണ്ട്. ഇന്നത്തെ ജപ്പാൻ പത്തൊമ്പതാം നൂറ്റാണ്ടിലെയോ പതിനെട്ടാം നൂറ്റാണ്ടിലേയോ ജപ്പാനായിരുന്നെങ്കിൽ അതിന് ഇന്നത്തെ ജപ്പാനായിരിക്കാൻ കഴിയില്ല. വളർച്ച വ്യാപിച്ച വടക്കിനു പകരം വളർച്ച വ്യാപിച്ച തെക്കുണ്ടായിരുന്നെങ്കിൽ, മുതലാളിത്തത്തിന് വളരാൻ കഴിയുമായിരുന്നില്ല. മുതലാളിത്തത്തിന് വളരാനുള്ള അവസരങ്ങളും കൈവന്നു. അതിൻെറ വളർച്ചയ്ക്ക് മുമ്പിൽ പ്രതിബന്ധങ്ങളൊന്നും തന്നെയുണ്ടായിരുന്നില്ല.

ഇന്ന് ഒരു മൂന്നാം ലോകരാഷ്ട്രത്തോട് മുതലാളിത്തത്തിലൂടെ വളർച്ച കൈവരിക്കാൻ— ഇപ്പോഴത്തെ പരിത:സ്ഥിതിയിൽ വളർച്ച പ്രാപിക്കുക— പറഞ്ഞുനോക്കൂ, അസംസ്കൃത സാധനങ്ങളും കുറഞ്ഞ

ചെലവിലുള്ള അധ്വാനവും കയറ്റി അയക്കാൻ പറഞ്ഞുനോക്കൂ— അത് ശുദ്ധ അസംബന്ധമായിരിക്കും. നിങ്ങളുൽപാദിപ്പിക്കുന്ന ഏതു ചരക്കിനും വളർച്ചയെത്തിയ വികസിതരാജ്യങ്ങളുൽപാദിപ്പിക്കുന്ന ചരക്കുമായി മത്സരിക്കേണ്ടിവരും. ഈ വികസിത രാജ്യങ്ങൾ ഉൽപാദനം നടത്തുന്നത് ആധുനിക യന്ത്രങ്ങൾ മാത്രമല്ല റൊബോട്ടുകളും ഉപയോഗിച്ചാണെന്ന കാര്യം മറക്കണ്ട. വൻകിട മുതലാളിത്ത രാജ്യങ്ങളുടെ സമ്മർദത്താൽ മറ്റു ചിലതുകൂടി നിങ്ങൾക്ക് ചെയ്യേണ്ടിവരും. അതിർത്തികൾ തുറന്നിടുക, കസ്റ്റംസ് താരിഫുകൾ വേണ്ടെന്നു വെക്കുക, യാതൊരു നിയന്ത്രണവുമില്ലാതെ മൂലധനത്തിൻെറ കടന്നുവരവിന് വഴിയൊരുക്കുക— ഇങ്ങനെ ചിലത്. അത് ക്രമേണ നിങ്ങളുടെ രാജ്യം തന്നെ ബഹുദേശീയ കോർപറേഷനുകളുടെ സ്വത്തായിത്തീരുന്നതിലാണ് ചെന്നെത്തുക നിങ്ങൾക്ക് ജാപ്പനീസ് റൊബോട്ടുകളുമായി മത്സരിക്കേണ്ടിവരും. അപ്പോൾ മൂന്നാം ലോക രാഷ്ട്രങ്ങൾക്ക് എന്തു ഭാവിയാണുണ്ടായിരിക്കുക? മുതലാളിത്തത്തിൽ യാതൊരു ഭാവിയും ഞാൻ കാണുന്നില്ല.

*ഗോർബച്ചേവ് അമേരിക്കയുമായി നല്ല ബന്ധമുണ്ടാക്കിയിട്ടുണ്ട്. താങ്കളുടെയും അമേരിക്കയുടെയും ഇടനിലക്കാരനായിനിന്ന് കൂടിയാലോചന നടത്താൻ താൻ തയ്യാറാണെന്ന് സോവിയറ്റ് പാർലമെണ്ടിൽ അദ്ദേഹം പറയുകയുണ്ടായി. ഈ നിർദേശത്തോട് താങ്കളുടെ പ്രതികരണമെന്താണ്?*

ക്യൂബയുമായി ഒത്തുതീർപ്പുണ്ടാക്കുന്നതിന്, അല്ലെങ്കിൽ ക്യൂബയുടെ നേരെയുള്ള അമേരിക്കൻ നയം മാറ്റിക്കുന്നതിന് അമേരിക്കൻ നേതൃത്വത്തെ പ്രേരിപ്പിക്കാൻ ഞങ്ങളെക്കാൾ കൂടുതലായി ചെയ്യാൻ കഴിയുക, തീർച്ചയായും സോവിയറ്റ് യൂണിയനാണ്. എന്നെക്കാൾ കൂടുതൽ സാധ്യതകൾ ഗോർബച്ചേവിനുണ്ട്. അദ്ദേഹം നടത്തിയ പ്രസ്താവന ശരിയാണെന്നാണ് എൻെറ പക്ഷം. ആ നിലയിലാണ് ആ പ്രസ്താവന ഞാൻ ശരിയായി കാണുന്നത്. അതിനെ ഞാൻ വിലമതിക്കുകയും ചെയ്യുന്നു. എന്നെക്കാൾ കൂടുതലായി അവർക്ക് ചെയ്യാൻ കഴിയുമെന്ന് എനിക്കറിയാം. കാരണം, അമേരിക്കൻ നേതൃത്വവുമായി അവർക്ക് കൂടുതൽ അടുപ്പമുണ്ട്. ഫലത്തിൽ എനിക്ക് അമേരിക്കയുമായി യാതൊരു കമ്യൂണിക്കേഷനുമില്ല. (അഭിപ്രായവിനിമയമില്ല) എങ്കിലും കിഴക്കൻ യൂറോപ്പിലെ സംഭവവികാസങ്ങൾക്കുശേഷം അമേരിക്കൻ ഭരണത്തെ ഒരുതരം ആഹ്ലാദോന്മേഷം പിടികൂടിയിട്ടുണ്ട്. സോവിയറ്റ് യൂണിയനിൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ പ്രകടമായതിനുശേഷം അമേരിക്കയിൽ അതിരട്ടിക്കുകയുംചെയ്തു. ധാർഷ്ട്യവും തങ്ങൾ ലോകത്തിൻെറ യജമാനൻമാരാണെന്ന ഭാവവും അവർകിപ്പോൾ കൂടിയിരിക്കുകയാണ്. ഈ വികാരങ്ങളെല്ലാം ഇപ്പോൾ അമേരിക്കയിൽ വളർന്നുകൊണ്ടിരിക്കുന്നു. ഈ സംഭവവികാസങ്ങൾകു മുമ്പ് ആഫ്രി

ക്കയിലെ യുദ്ധത്തിൻെറ കാര്യം, ദക്ഷിണാഫ്രിക്കയിലെ സംഘർഷത്തിൻെറ പ്രശ്നം എന്നിവ അനുരഞ്ജന ചർച്ചയിലായിരുന്നു. അപ്പോൾ അമേരിക്കൻ ഭരണാധികാരികൾക്ക് വ്യത്യസ്ത സമീപനമാണുണ്ടായിരുന്നത്.

കിഴക്കൻ യൂറോപ്പിലെ തകർച്ചയ്ക്കും സോവിയറ്റ് യൂണിയനിലെ ബുദ്ധിമുട്ടുകൾ ഇരട്ടിച്ചതിനും ശേഷം സ്ഥിതിഗതികൾ മാറി. വാസ്തവത്തിൽ സ്ഥിതിഗതികൾ കുറേക്കൂടി വഷളാവുകയാണ് ചെയ്തത്. ക്യൂബയിലും പ്രശ്നങ്ങളുയർന്നുവരും. അപ്പോൾ ക്യൂബ ബുദ്ധിമുട്ടേറിയ കാലത്തെ നേരിടാനിരിക്കെ പിന്നെ ആ രാജ്യവുമായി എന്തിന് കൂടിയാലോചിക്കുന്നു — അവർക്ക് തോന്നി. നേരെമറിച്ച് ഈ സന്ദർഭം അവരുടെ മേൽ കൂടുതൽ സമ്മർദം ചെലുത്തുന്നതിന് ഉപയോഗിക്കുകയാണ് വേണ്ടത്— അമേരിക്കൻ ഭരണാധികാരികളുടെ ചിന്ത ഈ വഴിക്കായിരുന്നു.

അതുകൊണ്ടാണ് ഞങ്ങളോടുള്ള സമീപനത്തിൽ രണ്ടു വർഷം മുമ്പ് അവർ മാറ്റം വരുത്തിയത്.

*അതിൻെറ ഫലത്തെക്കുറിച്ച് ഒരു മുൻധാരണയുണ്ടാക്കിവെക്കുന്നതെന്തിന്? ഗോർബച്ചേവ് ഒരു നിർദേശം മുമ്പോട്ടുവെച്ചു. താങ്കളത് സ്വീകരിച്ചു. എന്തുസംഭവിക്കുമെന്ന് നമുക്ക് നോക്കാം.*

ഞാൻ പറയുന്നു, ഇത് ശരിയാണ്. അദ്ദേഹം ശരിയായ ഒരു പ്രസ്താവന നടത്തി. ഞാനതിനെ വിലമതിക്കുകയും ചെയ്തു. ഞാനവിടെ നിർത്തുന്നില്ല. സ്ഥിതിഗതികളെ ഞാൻ യാഥാർഥ്യ ബോധത്തോടെ വിലയിരുത്തുകയും ചെയ്യുന്നു. അമേരിക്കൻ ഭരണാധികാരികൾക്കു വേണ്ടത് ക്യൂബയുമായി ഒരു ഒത്തുതീർപ്പല്ല. ക്യൂബൻ വിപ്ലവത്തെ ഉൻമൂലനം ചെയ്യുകയാണ് അവരുടെ ഉദ്ദേശ്യം. അങ്ങനെയുള്ള ഒരു പശ്ചാത്തലത്തിൽ ബുഷിന് ക്യൂബയോടുള്ള വിദ്വേഷവും പ്രതികാര മനോഭാവവും മാറ്റിക്കുന്നതിന് ഗോർബച്ചേവിന് കഴിയുമെന്ന് വിശ്വസിക്കാൻ എനിക്ക് പ്രയാസമുണ്ട്.

*31 വർഷം അമേരിക്ക താങ്കളെ ഒറ്റപ്പെടുത്തി. എന്നിട്ടും താങ്കൾ പിടിച്ചിനിന്നു. എങ്ങനെ ഇത് സാധിച്ചു?*

അവർ ഞങ്ങളെ ഒറ്റപ്പെടുത്തിയില്ല. പക്ഷെ, ഞങ്ങളെ വെറുത്തു. എതിർകാൻ, പൊരുതി നിൽകാൻ കഴിവില്ലാത്തവരെയാണ് പീഡിപ്പിക്കുന്നത്. സ്വയം പ്രതിരോധിക്കുന്നവരെ, ചെറുത്തുനിൽകുന്നവരെ ബഹുമാനിക്കും. ഒപ്പം വെറുക്കുകയുംചെയ്യും. അമേരിക്കയും അതുതന്നെയാണ് ചെയ്യുന്നത്.

*കഴിഞ്ഞ മുപ്പത്തിഒന്നുവർഷമായി താങ്കൾ ഭരണത്തിലാണ്. ഈ 31 വർഷത്തെ അധികാരം താങ്കളെ മടുപ്പിച്ചോ? താങ്കൾക്ക് എപ്പോഴെങ്കിലും നിരാശ തോന്നിയോ? അല്ലെങ്കിൽ താൻസാനിയയിലെ നൈരേരയെപ്പോലെ അധികാരം മറ്റാരെയെങ്കിലും ഏല്പിച്ചുകൊടുത്ത് ഭരണത്തിൽനിന്ന് പുറത്തുകടക്കണമെന്ന് താങ്കൾ എപ്പൊഴെങ്കിലും വിചാരിച്ചോ?*

അതുപോലുള്ള എന്തെങ്കിലുമൊന്ന് സംഭവിക്കുകയാണെങ്കിൽ ഒരു വിപ്ലവകാരിയെന്ന നിലയിൽ അത് അപമാനകരമായി ഞാൻ കണക്കാക്കും. കാരണം, ഞാൻ ചെയ്യുന്ന ജോലിയിൽ എനിക്ക് മടുപ്പു തോന്നിയാൽ അതിനർഥം ഞാൻ ചെയ്യുന്ന ജോലിയോട് എനിക്ക് സ്നേഹമില്ലാതായിക്കഴിഞ്ഞെന്നാണ്. അല്ലെങ്കിൽ ചെയ്യുന്ന ജോലിയെ ഞാൻ വിലമതിക്കുന്നില്ലെന്നാണ്. ഏതെങ്കിലുമൊരു ഘട്ടത്തിൽ എനിക്ക് മടുപ്പുതോന്നിയാൽ ഞാനൊരു വിപ്ലവകാരിയല്ലാതായി തീർന്നുവെന്ന് സ്വയം കണക്കാക്കും. ഒരു ദിവസം ഞാനെന്റെ ജോലിയിൽനിന്ന് വിട്ടുനിന്നാൽ, അല്ലെങ്കിൽ എന്റെ പദവി ഉപേക്ഷിച്ചാൽ ആ ദിവസം ഞാനൊരു വിപ്ലവകാരിയല്ലാതായിത്തീരും. അമ്മാതിരി ഒരു വികാരം എനിക്ക് വെച്ചുപുലർത്താനാകുമെന്ന് ഞാൻ വിചാരിക്കുന്നില്ല.

*ഏറ്റവും കൂടുതൽ കാലം അധികാരത്തിലിരുന്ന നേതാവ് എന്നാണ് ഞാനർഥമാക്കിയത്. ഇത്രയും ദീർഘകാലം ഒരാൾ തന്റെ കൈയിൽ അധികാരം അടക്കിനിർത്തിയാൽ ചിലപ്പോൾ......*

എന്നെക്കാൾ കൂടുതൽകാലം അധികാരത്തിലിരുന്ന മറ്റുചിലരുണ്ട്. ഉദാഹരണം വടക്കൻ കൊറിയയിലെ കിം ഇൽസുങ്ങ്.

*താങ്കളുടെ സമൂഹത്തിൽ താങ്കൾ സംഘടിപ്പിച്ച രീതിയിലുള്ള സോഷ്യലിസത്തിന് കാര്യമായ പരിഷ്കാരങ്ങളൊന്നും കൂടാതെ മെച്ചപ്പെട്ട ജീവിതത്തിന്റെ നേട്ടങ്ങൾ പ്രദാനം ചെയ്യാൻ കഴിയുമെന്ന് താങ്കൾ ആത്മാർഥമായി വിശ്വസിക്കുന്നുണ്ടോ? ഇത് ചോദിക്കുന്നതിനൊരു കാരണമുണ്ട്. കഴിഞ്ഞ ഏതാനും ദിവസത്തിനിടയിൽ മികച്ച ആരോഗ്യ പരിപാലന കേന്ദ്രങ്ങളും ഒന്നാംതരം വിദ്യാഭ്യാസ സമ്പ്രദായവും ഉന്നത പഠനത്തിനുള്ള ഇൻസ്റ്റിറ്റ്യൂട്ടുകളും ബയോ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടും എനിക്ക് കാണാൻ കഴിഞ്ഞു. എങ്കിലും കടകളുടെ മുമ്പിലെ നീണ്ടുപോകുന്ന ക്യൂവിനും ഒഴിഞ്ഞ കടകൾകും ഭക്ഷ്യ സാധന ദൗർലഭ്യത്തിനും കൂടി എനിക്ക് സാക്ഷിയാകേണ്ടിവന്നു. ഇതിൽനിന്നൊക്കെ തികച്ചും വ്യത്യസ്തമായിരുന്നു വിദേശികൾകുവേണ്ടിയുള്ള ഡോളർ, ഷാപ്പുകളുടെ സ്ഥിതി. എന്നോട് ചോദിച്ചാൽ ഞാൻ പറയും ഇതൊരു ദേശീയ അപമാനമാണെന്ന്. കാരണം, താങ്കളുടെ നാട്ടുകാർക് ആ കടകളിൽ പോയി സാധനങ്ങൾ വാങ്ങിക്കാൻ കഴിയില്ല. പകുതി ഒഴിഞ്ഞ കടകളിൽ മാത്രമേ അവർക് പോകാൻ കഴിയു. തീർച്ചയായും ഇത് താങ്കളുടെ സോഷ്യലിസത്തിന്റെ പരാജയമാണ്.*

ഇത്രയൊക്കെയേ താങ്കളിവിടെ കണ്ടുള്ളോ? തെരുവിൽ ഒരു യാചകനെ കണ്ടോ? നിസ്സഹായരായ ഒരാളെയെങ്കിലും കണ്ടോ? സ്കൂളിൽ പോകാത്ത ഒരു കുട്ടിയെ കണ്ടോ? ഒരു വേശ്യയെ കാണാൻ കഴിഞ്ഞോ? എവിടെയെങ്കിലും ചൂതുകളിക്കാരെ കണ്ടോ? ചൂതുകളി സങ്കേതങ്ങൾ കണ്ടോ? തെരുവിൽ എവിടെയെങ്കിലും ഒരുത്തൻ കുടിച്ച് കൂത്താടുന്നത് കണ്ടോ?

അതൊന്നും നിങ്ങൾക്കിവിടെ കാണാൻ കഴിയില്ല. കടകൾക്കുമുമ്പിൽ ക്യൂ ഉണ്ടാകാം. കാരണം ഉല്പന്നങ്ങൾക് ഞങ്ങൾക്കിവിടെ ക്ഷാമമുണ്ട്. അതിനെക്കുറിച്ച് കൂടുതൽ ഞാൻ പിന്നീട് വിശദീകരിക്കാം. താങ്കൾ ഭവന ദൗർലഭ്യത്തിന്റെ കാര്യം ചൂണ്ടിക്കാണിച്ചുവല്ലോ. ഹവാനയെക്കാൾ കൂടുതൽ വീടുകളുള്ള ഒരു ലാറ്റിനമേരിക്കൻ നഗരം കാണിച്ചുതരാമോ? ഹവാനയെക്കാൾ കുറഞ്ഞ തൊഴിൽ രഹിതരുള്ള ഒരു ലാറ്റിനമേരിക്കൻ നഗരമുണ്ടോ? ക്യൂബയേക്കാൾ ദാരിദ്ര്യംകുറഞ്ഞ ലാറ്റിനമേരിക്കൻ രാജ്യമേതാണ്?.

ചില ഉല്പന്നങ്ങളുടെ ദൗർലഭ്യം വീടുകളുടെ ചുമരുകൾ പെയിൻറ് ചെയ്യുന്ന പ്രശ്നംപോലെയാണ്. ഞങ്ങളുടെ വിഭവങ്ങൾ അത്യന്തം പരിമിതമായതുകൊണ്ട് അത് വീടുകൾ പെയിൻറ് ചെയ്യുന്നതിനോ ആഡംബര വസ്തുക്കൾകോ വേണ്ടി ഉപയോഗിക്കാൻ കഴിയില്ല. ക്യൂബയിലെ ഓരോ ആളും ശരാശരി 3000 കലോറി ഭക്ഷണം കഴിക്കുന്നുണ്ട്. 80 ഗ്രാം പ്രോട്ടീനും അവരുപയോഗിക്കുന്നു. മൂന്നാം ലോകത്തിലെ മറ്റേതൊരു നഗരത്തെയുംകാൾ സമത്വപൂർണമായ വിതരണ സമ്പ്രദായമാണ് ഹവാനയിലുള്ളത്.

ഡോളർ ഷോപ്പുകളെ സംബന്ധിച്ചാണെങ്കിൽ, ഞങ്ങളുടേത് കേവലം വിദേശികൾകായുള്ള ഷോപ്പുകൾ മാത്രമാണ്. ദുർലഭമായ വിദേശനാണയം നേടിയെടുക്കുക മാത്രമാണതിന്റെ ഉദ്ദേശ്യം. അതിൽ അപമാനകരമായ എന്തെങ്കിലുമുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. കാരണം, ഞങ്ങൾക് എണ്ണപ്പാടങ്ങളില്ല. വൻതോതിൽ വിഭവങ്ങളുമില്ല. ഞങ്ങൾക് കഠിനമായി പ്രയത്നിക്കുക മാത്രമേ വഴിയുള്ളു. ഞങ്ങളുടെ പ്രശ്നങ്ങളിലൊന്ന് ദുർലഭമായ വിദേശനാണയമാണ്.

*വേണ്ടത്ര ദുർലഭമായ വിദേശനാണയം ഇല്ലെന്നത് സോഷ്യലിസത്തിന്റെ ദൗർബല്യങ്ങളിലൊന്നായി താങ്കൾ കരുതുന്നോ?*

ഇത്തരം വിദേശ നാണയം ഇല്ലാത്തതിന് കാരണങ്ങൾ പലതാണ്. അതിലൊന്ന് ഞങ്ങൾ പണം നിക്ഷേപിക്കുന്നു എന്നതുതന്നെ. പണം ഞങ്ങൾ ബാങ്കിൽ സൂക്ഷിക്കുന്നില്ല. പകരം വികസനാവശ്യങ്ങൾകായി ചെലവഴിക്കുന്നു. മറ്റൊരു കാരണം സോഷ്യലിസ്റ്റുരാജ്യങ്ങൾ ലോക നാണയനിധിയിൽനിന്നോ ലോകബാങ്കിൽനിന്നോ വായ്പ വാങ്ങുന്നില്ല എന്നതാണ്. അതേസമയം മുതലാളിത്ത വികസിത ലോകം ലോകത്തിലെ സ്വർണവും പണവും കുന്നുകൂട്ടുന്നു. മൂന്നാം ലോകത്തിലെ ഒരു രാജ്യത്തിനും — അത് സോഷ്യലിസ്റ്റ് രാജ്യമോ മുതലാളിത്ത രാജ്യമോ ആവട്ടെ — പണമില്ല. ഭാരിച്ച കടബാധ്യത — 100 ബില്യൻ ഡോളറിനും 200 ബില്യൻ ഡോളറിനുമിടയിൽ — മൂലം മഹാഭൂരിപക്ഷം സോഷ്യലിസ്റ്റ് രാജ്യങ്ങളുടെയും പക്കൽ പണമില്ലെന്ന സത്യം ഞാൻ താങ്കളോട് പറയട്ടെ. അർധ വികസിത ലോകത്തിലെ മുതലാളിത്ത വികസ്വര രാജ്യങ്ങൾ കടത്തിലാണ്—ശരിയായ കടം. സോവിയറ്റ് യൂണിയന് അൽപ്പം വിഭവങ്ങളുണ്ട്.

മറ്റുചില വികസ്വര സോഷ്യലിസ്റ്റ് രാജ്യങ്ങൾക്കുമുണ്ട് വിഭവങ്ങൾ. ഒരു സോഷ്യലിസ്റ്റു രാജ്യത്തിൻെറ പക്കൽ പണമുണ്ടെങ്കിൽ അത് ആഡംബര വസ്തുക്കൾകുവേണ്ടി ചെലവഴിക്കാൻ കഴിയില്ല. അത് വികസനത്തിനുവേണ്ടി ചെലവഴിക്കേണ്ടതുണ്ട്. അതാണ് തത്വം. സോഷ്യലിസ്റ്റ് രാജ്യത്തിനും ദുർലഭമായ വിദേശനാണയം ഉണ്ടായിരിക്കണമെന്നത് എനിക്ക് അസാധാരണമായി തോന്നുന്നു. അപ്പോൾ അതിനർഥം രാജ്യത്തിന് അത് ദുരുപയോഗപ്പെടുത്താൻ കഴിയുമെന്നാണ്. ആഡംബരവസ്തുക്കൾ വാങ്ങാൻ പണമുണ്ടെങ്കിൽ, സുഗന്ധ ദ്രവ്യങ്ങൾ വാങ്ങാൻ പണമുണ്ടെങ്കിൽ........

*സുഗന്ധ ദ്രവ്യങ്ങൾ ഉപയോഗിക്കുന്നതിന് താങ്കൾ എതിരാണോ?*

ഞാൻ സുഗന്ധ ദ്രവ്യങ്ങൾകനുകൂലമാണ്. ഞങ്ങളവ ഉല്പാദിപ്പിക്കുകയും ചെയ്യുന്നു. ഉവ്വ്, ഞങ്ങളവ ഉല്പാദിപ്പിക്കുന്നു. അവ പാരീസിലെ സുഗന്ധ ദ്രവ്യങ്ങളല്ല. പാരീസിൽനിന്ന് വരുന്നവയുമല്ല. പാരീസിൽനിന്ന് സുഗന്ധദ്രവ്യങ്ങൾ വാങ്ങാൻ ഞങ്ങളുടെ പക്കൽ പണമില്ല. ഞങ്ങളവ ഉല്പാദിപ്പിക്കുന്നു. ഞങ്ങളവ ഉപയോഗിക്കാറില്ല. എന്നാൽ സ്ത്രീകൾ അവ ഉപയോഗിക്കുന്നത് ഞങ്ങളിഷ്ടപ്പെടുന്നു. ആദ്യം, പക്ഷെ, അവർക്കുവേണ്ടത് വസ്ത്രമാണ്. പിന്നെ ഭക്ഷണം വേണം. അവരുടെ ആരോഗ്യം സംരക്ഷിക്കണം. എനിക്ക് പറയാൻ കഴിയും, ഞങ്ങളുടെ രാജ്യത്ത് പാരീസിൽനിന്നുള്ള സുഗന്ധ ദ്രവ്യങ്ങളില്ല. പക്ഷെ, പാരീസിലുള്ളതിനേക്കാൾ കുറവ് എയ്ഡ്സ് രോഗികളേയുള്ളു.

*താങ്കൾകിഷ്ടപ്പെട്ട മറ്റൊരു വിഷയമാണല്ലോ ചേരിചേരാ പ്രസ്ഥാനം (നാം). രണ്ടു ചേരികൾകിടയിലെ ഒരു ശക്തിയായിട്ടാണ് നാം വിഭാവനം ചെയ്യപ്പെട്ടത്. അപ്പോൾ രണ്ടു ചേരികളും അടുത്തുവരികയാണ്. അപ്പോൾ പിന്നെ നാമിന് എന്തുപങ്കാണ് വഹിക്കാനുള്ളത്? അത് ഏറെക്കുറെ ഒരു ഉത്തര—ദക്ഷിണ പ്രശ്നമായിത്തീർന്നോ? നാമിന് അതിൻെറ പ്രസക്തി നഷ്ടപ്പെട്ടോ?*

ശീത സമരം കൊടുമ്പിരിക്കൊണ്ടപ്പോൾ രണ്ടു വൻശക്തി ചേരികളിൽനിന്നും സ്വതന്ത്രമായാണ് ചേരിചേരാ പ്രസ്ഥാനം രൂപംകൊണ്ടത്. പക്ഷെ നാം ഒരിക്കലും നിഷ്പക്ഷമായിരുന്നില്ല. അത് കൊളോണിയലിസത്തിനെതിരെ പോരാടി. എല്ലായിടത്തുമുള്ള വിമോചന പ്രസ്ഥാനങ്ങളെ പിന്താങ്ങി. രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യത്തിനും പരമാധികാരത്തിനും പിന്തുണ നൽകി. ദക്ഷിണാഫ്രിക്കയിലെ വർണവിരുദ്ധ പ്രക്ഷോഭം, പാലസ്തീനികളുടെ ജന്മനാടിനുവേണ്ടിയുള്ള സമരം തുടങ്ങി ന്യായമായ എല്ലാറ്റിനെയും പിന്തുണച്ചു. രാജ്യങ്ങളുടെ സാമ്പത്തിക താല്പര്യങ്ങളെ പ്രതിരോധിച്ചു. അസമമായ വാണിജ്യ വ്യവസ്ഥകളെ അപലപിച്ചു. അടിസ്ഥാന ചരക്കുകൾക് നല്ല വില

ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു. ഇമ്മാതിരി അനേകം പ്രശ്നങ്ങൾ ഇപ്പോഴും പ്രസക്തമാണ്. ഇതിനാൽ മറ്റെന്നത്തേക്കാളും നാം ഇന്നാവശ്യമാണെന്ന് ഞാൻ വിശ്വസിക്കുന്നു. രണ്ടുചേരികൾ തമ്മിലുള്ള സംഘർഷം മുറ്റിനിന്ന ഘട്ടത്തിൽ ഇതാവശ്യമായിരുന്നുവെങ്കിൽ രണ്ടുചേരികൾ അടുത്തുവന്ന ഘട്ടത്തിലും — എന്തിനധികം, ആ രണ്ടുചേരികൾ അപ്രത്യക്ഷമാകുന്ന ഒരുഘട്ടം വന്നാൽ അപ്പോഴും — അത് നിലകേണ്ടതാവശ്യമാണ്. അഥവാ അതിൻെറ നിലനിൽപിന് പ്രാധാന്യമുണ്ട്.

ഇന്ന് മുതലാളിത്ത രാജ്യങ്ങൾ തങ്ങളുടെ ഭാഗമായിത്തീരാനും മൂന്നാം ലോക രാജ്യങ്ങളെ കൊള്ളചെയ്യുന്നതിന് തങ്ങളോടൊപ്പം കൂടാനും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളെ ക്ഷണിക്കുകയാണ്. അവർ വിപണിയിലധിഷ്ഠിതമായ സമ്പദ്‌വ്യവസ്ഥയെക്കുറിച്ചു മാത്രം സംസാരിക്കുന്നു. മൂന്നാം ലോകത്തിൻെറ വളർചയ്ക്ക് സഹായം നൽകുന്നതിനെക്കുറിച്ച് ആരും പറയുന്നില്ല. ഈ സാഹചര്യത്തിൽ സ്വന്തം ഐക്യവും അഖണ്ഡതയും കാത്തുരക്ഷിക്കാൻ വമ്പിച്ച സംഭാവന നൽകുന്ന ആ സാർവദേശീയ സമിതിയെ രക്ഷിക്കാൻ അതിന് മൂന്നാം ലോക രാജ്യങ്ങൾ ഒന്നിച്ചുചേരേണ്ടത് മറ്റെന്നത്തേയുംകാൾ ആവശ്യമായിത്തീർന്നിരിക്കുന്നു.

***ഇപ്പോൾ രണ്ടു ചേരികളും കൂടുതൽ അടുക്കുമ്പോൾ മൂന്നാം ലോകം എന്തു ചെയ്യും?***

രണ്ടു ചേരികളും അടുത്തു വരികയാണെന്ന് താങ്കൾ പറയുന്നു. പക്ഷെ, അവ രണ്ടു വൻ ശക്തികളാണ്. അവയ്ക്ക് വൈരുധ്യങ്ങളുണ്ട്. ഈ വൈരുധ്യങ്ങൾ തുടരും എന്നെനിക്കുറപ്പുണ്ട്. ഈ രണ്ടു വൻ ശക്തികൾ തമ്മിൽ പാണിഗ്രഹണം നടന്നു കഴിഞ്ഞെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

അതിനെക്കുറിച്ച് എനിക്ക് ഉൽകണ്ഠയില്ല. യുദ്ധ വിപത്തിൽനിന്ന് ലോകം വിമുക്തമാവുമെങ്കിൽ എനിക്കതിൽ സന്തോഷമേയുള്ളു. ഈ രാസായുധങ്ങൾ മുഴുവൻ അവർ നശിപ്പിക്കുകയാണെങ്കിൽ ഞാനതിൽ സന്തോഷിക്കും. ആണവായുധങ്ങൾ മുഴുവൻ അവർ നശിപ്പിക്കുകയാണെങ്കിൽ ഞാനതിൽ സന്തോഷിക്കും. മൂന്നാം ലോകത്തിൻെറ വികസനകാര്യം അവർ ചർചചെയ്യുമെങ്കിൽ ഞാനതിൽ സന്തോഷിക്കും. പക്ഷെ, എൻെറ ഉൽക്കണ്ഠ അതൊന്നുമല്ല. സോവിയറ്റ് യൂണിയൻ ദുർബലമായിതീർന്നതിലാണ് എനിക്കുൽകണ്ഠയുള്ളത്. സോഷ്യലിസ്റ്റ് ചേരിതന്നെ ദുർബലമായി. കിഴക്കൻയൂറോപ്പിലെ സോഷ്യലിസ്റ്റ് രാജ്യങ്ങൾ ഇപ്പോൾ അവിടെയില്ല. അതാണ് ഞങ്ങളെ ഉൽക്കണ്ഠാകുലരാക്കുന്നത്. സോവിയറ്റ് യൂണിയന് ഗുരുതരമായ സാമ്പത്തിക—രാഷ്ട്രീയ പ്രയാസങ്ങൾ നേരിടേണ്ടിവരുന്നു എന്നതിൽ ഞങ്ങൾ ഉൽക്കണ്ഠാകുലരാണ്. വൻ ശക്തികൾ സമാധാനത്തിനുവേണ്ടി പൊതുവായി അന്വേഷണം നടത്തുന്നതിൽ എനിക്ക് ഉൽക്കണ്ഠയി

ല്ല. അതു നല്ലതു തന്നെ. ആ വൻ ശക്തികളിലൊന്ന് ദുർബലമായി തീർന്നതിലാണ് ഞങ്ങൾക്കുൽകണ്ഠ. അമേരിക്കൻ ആധിപത്യത്തിൽ ഇരു ലോക കേന്ദ്രത്തിനു പകരം ഏകലോകകേന്ദ്രത്തെയായിരിക്കും നമുക്കിനി നേരിടേണ്ടി വരിക. അത് റോമൻ സാമ്രാജ്യം പോലെയായിരിക്കും. അമേരിക്ക ഒരേയൊരു വൻശക്തിയായിത്തീരുകയാണെങ്കിൽ മൂന്നാം ലോകരാഷ്ട്രങ്ങളോട് അതുകാണിക്കുന്ന ധാർഷ്ട്യത്തിൻെറയും അത് ചൊരിയുന്ന അധിക്ഷേപത്തിൻെറയും മുമ്പഞ്ഞൽ റോമൻ സാമ്രാജ്യം ഒന്നുമായിരിക്കില്ല.

*താങ്കളെ രണ്ട് തലങ്ങളിലൂടെ നോക്കാം. ഒന്ന് ലോകമെങ്ങുമുള്ള സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ തകർന്നുകൊണ്ടിരിക്കുമ്പോൾ, തനിക്കു ചുറ്റും നാശാവശിഷ്ടങ്ങൾ ചിതറിക്കിടക്കുമ്പോൾ, സോഷ്യലിസത്തിൽ ദൃഢമായി വിശ്വസിച്ച് അടിപതറാതെ നിൽക്കുന്ന ഒരു മനുഷ്യൻ. ലോകം മാറിക്കൊണ്ടിരിക്കുമ്പോൾ തികച്ചും അയവില്ലാത്ത ഒരു മനുഷ്യൻ.*

പക്ഷെ, ഏത് ദിശയിലാണ് ലോകം മാറിക്കൊണ്ടിരിക്കുന്നത്? ലോകം വലത്തോട്ടേക്ക് മാറിക്കൊണ്ടിരിക്കുമ്പോൾ ഞാൻ കൂടുതൽ ഇടത്തോട്ടേക്ക് പോകും. സോഷ്യലിസത്തിന് എതിരാളികൾ കൂടുന്തോറും ഞാനതിനെ കൂടുതൽ സ്നേഹിക്കും. കാരണം, ഞാൻ സോഷ്യലിസത്തിൽ വിശ്വസിക്കുന്നു.

*അവസാനമായി ഒരു ചോദ്യം: വിനോദിക്കണമെന്നും വിശ്രമിക്കണമെന്നും തോന്നുമ്പോൾ താങ്കൾ എന്തു ചെയ്യും?*

എനിക്കതിന് സമയമില്ല. ആഴക്കടലിൽനിന്ന് മീൻ പിടിക്കുന്നത് എനിക്കിപ്പോഴും ഇഷ്ടപ്പെട്ട ഒരു വിനോദമാണ്. സമയം കിട്ടുമ്പോൾ വായിക്കും. ചരിത്രത്തെക്കുറിച്ചുള്ള മൂന്നു പുസ്തകങ്ങൾ ഞാൻ വായിച്ചുകൊണ്ടിരിക്കുകയാണ്. ചരിത്രം പഠിക്കണം. അത് നിങ്ങളെ എളിമയുള്ളവരാക്കാൻ പഠിപ്പിക്കും.

*താങ്കൾ വരട്ടു തത്വവാദിയാണെന്ന ഒരഭിപ്രായമുണ്ട്. അതിനോട് യോജിക്കുന്നുണ്ടോ?*

ഉവ്വ്. അയവേറിയ വരട്ടുതത്വവാദി. തത്വത്തിൻെറ കാര്യത്തിൽ മാത്രം വരട്ടുതത്വവാദി.


(ഈയിടെ ടെലിവിഷനിൽ സംപ്രേക്ഷണം ചെയ്ത അഭിമുഖ സംഭാഷണം. അഭിമുഖ സംഭാഷണം നടത്തിയത് **സയീദ് നഖ്വി**)

# വായിക്കുക പ്രചരിപ്പിക്കുക

| | |
|---|---|
| വൈരുദ്ധ്യാത്മക ഭൗതികവാദം— എം പി പരമേശ്വരൻ | വില 10.00 |
| അർഥശാസ്ത്രം—ഇ എം എസ് | വില 2.50 |
| മാർക്സിസത്തിന്റെ ബാലപാഠം— ഇ എം എസ് | വില 2.50 |
| 1951—ലെ നയപ്രഖ്യാപനം | വില 1.50 |
| കമ്യൂണിസ്റ്റ് മാനിഫെസ്റ്റൊ— മാർക്സ്, എംഗൽസ് | വില 5.00 |
| ചരിത്രത്തിന്റെ ചലനശക്തിയുള്ള വാഹനങ്ങളാണ് വിപ്ലവങ്ങൾ | വില 2.00 |
| എന്താണ് മാർക്സിസം— എമിൽ ബേൺസ് | വില 10.00 |
| ശാസ്ത്രീയ ചിന്തയുടെ പിറവി—ബി ടി രണദിവെ | വില 1.50 |
| ഇന്ത്യൻ കർഷകപ്രസ്ഥാനത്തിന്റെ ചരിത്രം— എ കെ ജി | വില 4.00 |
| അസ്തിത്വവും ചേതനയും | വില 2.00 |
| സിപിഐ(എം) പരിപാടിയെപ്പറ്റി— ബസവപുന്നയ്യ | വില 5.00 |
| വിപ്ലവകാരികളുടെ സദാചാരം— ഹോ ചി മിൻ | വില 3.00 |
| എങ്ങനെ നല്ല കമ്യൂണിസ്റ്റാകാം— ലുഷാവ് ക്വി | വില 10.00 |
| അധ്വാനത്തിന്റെ പങ്ക്— എംഗൽസ് | വില 1.25 |
| മേദിനത്തിന്റെ ചരിത്രം—അലക്സാണ്ടർ ട്രാഹ്തൻബർഗ് | വില 2.00 |
| കാൾമാർക്സ് പുതുയുഗത്തിന്റെ വഴികാട്ടി— ഇ എം എസ് | വില 3.00 |
| സോഷ്യലിസത്തിന്റെ അർഥശാസ്ത്രം | വില 3.50 |
| നമ്മൾ സോഷ്യലിസത്തിന്റെ കാവൽ ഭടൻമാർ —ഫിദൽകാസ്ട്രോ | വില 1.50 |
| കമ്യൂണിസത്തെപ്പറ്റി പന്ത്രണ്ട് ചോദ്യങ്ങൾ— സ്റ്റാലിൻ | വില 2.50 |

അച്ചടി: പി കൃഷ്ണപിള്ള മെമ്മോറിയൽ പ്രിൻറിംഗ് ആൻറ് പബ്ളിഷിങ്ങ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് തിരുവനന്തപുരം 1

PC Library & Research Center



## കാസ്ട്രോ

# സോഷ്യലിസത്തിന്റെ ഭാവി

335.43

Indic Digital Archive Foundation
gpura.org